പി.കെ. ജമാൽ

# ഹദീസും മദ്ഹബും

**ഇസ്‌ലാമിക** ശരീഅത്തിനെക്കുറിച്ച പഠനത്തിൽ മദ്ഹബുകളുടെ ചരിത്ര പശ്ചാത്തലം, ഹദീസും മദ്ഹബുകളും തമ്മിലുള്ള ബന്ധം, ഹദീസുകളുടെ ക്രോഡീകരണവും മദ്ഹബുകളുടെ ആവിർഭാവവും, അഭിപ്രായഭേദങ്ങളുടെ ഹേതുക്കൾ എന്നീ വിഷയങ്ങളെക്കുറിച്ച ചിന്തകൾ പ്രസക്തമാണ്.

മുഹമ്മദ് നബി(സ)യുടെ മക്കാ ജീവിതഘട്ടം മുതൽ ഹിജ്റ ആറാം നൂറ്റാണ്ടുവരെ നിയമനിർമാണ രംഗത്തുണ്ടായ ചലനങ്ങളും കർമശാസ്ത്ര മേഖലയിലെ ഗവേഷണങ്ങളും നിരീക്ഷണ വിധേയമാക്കുമ്പോൾ ബോധ്യപ്പെടുന്ന ഒരു വസ്തുതയുണ്ട്- കാലത്തോടൊപ്പം വളരുകയും അനുനിമിഷം മാറിക്കൊണ്ടിരുന്ന ജീവിത സാഹചര്യങ്ങളെ അഭിസംബോധന ചെയ്യാൻ തക്കവിധം നിയമങ്ങൾ നിർധാരണംചെയ്ത് കണ്ടെത്തുകയും ചെയ്ത കർമശാസ്ത്രരംഗത്തെ കുലപതികളുടെ നിസ്തുല സേവനം. ഖുർആന്റെയും സുന്നത്തിന്റെയും ആസ്പദങ്ങളിൽ ഊന്നി അവർ നടത്തിയ പഠനങ്ങളും നിരീക്ഷണങ്ങളുമാണ് ഇന്നും ഫിഖ്ഹിന്റെ അടിസ്ഥാനമായി നാം സ്വീകരിക്കുന്നത്.

മുഹമ്മദ് നബി(സ)യുടെ ജീവിത കാലഘട്ടമാണ് കർമശാസ്ത്ര ചരിത്രത്തിലെ പ്രധാന ദശ. ദൈവിക നിയമങ്ങൾ അവതരിച്ചതും അവതരണം പൂർത്തിയായതും ഈ കാലയളവിലാണ്. കർമശാസ്ത്രത്തിന്റെ അടിസ്ഥാനം ദൈവിക നിയമങ്ങളാണ്. നബിയുടെ കാലഘട്ടത്തിലെ കർമശാസ്ത്രമെന്നാൽ വഹ്‌യിലൂടെ ലഭിച്ച നിയമങ്ങളും ചട്ടങ്ങളുമാണ്. അക്ഷരത്തിലും അർഥത്തിലും അവതരിച്ച വഹ്‌യ് ഖുർആനായും, ആശയമാത്രമായ വഹ്‌യ് സുന്നത്തായും ഗണിച്ചു. അഥവാ ശർഈ നിയമങ്ങളുടെ സ്രോതസ്സ് വഹ്‌യ് മാത്രം. നബിയുടെയും അനുയായികളുടെയും ഗവേഷണങ്ങൾക്കും അടിസ്ഥാനം വഹ്‌യ് ആയിരുന്നു.

പ്രവാചകത്വലബ്ധിക്കു ശേഷം പതിമൂന്ന് വർഷമാണ് നബി മക്കയിൽ ഉണ്ടായത്. തൗഹീദ്, രിസാലത്ത്, ആഖിറത്ത്, സദാചാര സംഹിത, ഉത്കൃഷ്ട മാനുഷികമൂല്യങ്ങൾ എന്നിവയായിരുന്നു മുഖ്യമായും മക്കാ കാലഘട്ടത്തിലെ വഹ്‌യിന്റെ ഇതിവൃത്തം. വളരെ വിരളമായേ ആ കാലഘട്ടത്തിൽ നിയമനിർമാണ സംബന്ധിയായ വഹ്‌യ് ഇറങ്ങിയിരുന്നുള്ളൂ.

മദീനയിൽ അനുകൂല സാഹചര്യം സംജാതമായപ്പോൾ, അവിടേക്ക് പലായനംചെയ്ത നബിയും അനുയായികളും



പ്രബോധന പ്രവർത്തനങ്ങൾ തുടർന്നു. ഒരു ഇസ്‌ലാമിക രാഷ്ട്രത്തിന് മദീനയിൽ അടിത്തറ പാകി. ദൈവിക ദീനിന്റെ അസ്തിവാരത്തിൽ രാഷ്ട്രീയ, സാമൂഹിക ഘടനക്ക് രൂപം നൽകി. നവജാത രാഷ്ട്രത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തേണ്ടത് ആവശ്യമായിത്തീർന്നു. സമൂഹത്തെ നയിക്കാൻ പ്രാപ്തമായ നിയമനിർമാണം രാഷ്ട്രത്തിന്റെ നിലനിൽപിന് അനിവാര്യമായിത്തീർന്ന സാഹചര്യത്തിൽ വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതവുമായി ബന്ധപ്പെട്ട സർവതലങ്ങളെയും സ്പർശിക്കുന്ന നിയമങ്ങൾ നിലവിൽവന്നു. ഇബാദത്തിന്റെയും ജിഹാദിന്റെയും നിയമങ്ങൾ, വ്യാപാരത്തിന്റെയും സാമ്പത്തിക ഇടപാടിന്റെയും ചട്ടങ്ങൾ, വിവാഹം, ദാമ്പത്യം, കുടുംബം, അനന്തരാവകാശം, വിവാഹമോചനം, സിവിൽ-ക്രിമിനൽ നിയമങ്ങൾ, അന്താരാഷ്ട്ര നിയമങ്ങൾ തുടങ്ങി എല്ലാ മേഖലകളെയും ചൂഴ്ന്നുനിൽക്കുന്ന സമഗ്രവും സമ്പൂർണവുമായ നിയമങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി.

**ഖുലഫാഉർറാശിദുകളുടെ ഭരണകാലത്ത് ഫിഖ്ഹ് വളരാനും വികസിക്കാനും തുടങ്ങി. പുതിയ പ്രശ്നങ്ങൾ ഉടലെടുത്തതോടെ അവക്കുള്ള പരിഹാരങ്ങൾ അന്വേഷിച്ചു കണ്ടെത്തേണ്ടിവന്നു. യുദ്ധവിജയങ്ങളെ തുടർന്ന് ഇസ്‌ലാമിക രാഷ്ട്ര സ്വരൂപത്തിലേക്ക് ചേർക്കപ്പെട്ട പ്രദേശങ്ങളിലെ പൗരന്മാരും മുസ്‌ലിംകളും തമ്മിൽ ഇടപഴകിയപ്പോൾ ഉളവായ പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കേണ്ടത് ഫുഖഹാക്കളുടെ ബാധ്യതയായിത്തീർന്നു. നബിയുടെ കാലത്ത് ഇല്ലാതിരുന്ന അഭിപ്രായാധിഷ്ഠിത ഗവേഷണത്തിന്റെ പുതിയ വാതിൽ തുറക്കപ്പെടുകയായിരുന്നു. സ്വാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഇജ്തിഹാദിൽ സ്വാഭാവികമായും ഭിന്ന വീക്ഷണങ്ങൾ ഉണ്ടായി.**

ഈ ഘട്ടത്തിലെ നിയമനിർമാണം രണ്ടു വിധത്തിലായിരുന്നു. വിധി ആവശ്യമായ പ്രശ്നങ്ങൾ ഉത്ഭവിക്കുകയോ, പ്രവാചകനോട് ചോദിച്ച് പരിഹാരം തേടേണ്ട സംഭവങ്ങൾ ഉണ്ടാവുകയോ ചെയ്യും. പ്രവാചകൻ വഹ്‌യ് കാത്തിരിക്കും. പ്രശ്നപരിഹാരവുമായി അവതരിക്കുന്ന വഹ്‌യ് പ്രവാചകൻ സ്വന്തം വാമൊഴിയിൽ സമൂഹത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നു. ഇത് സുന്നത്തായി രേഖപ്പെടുത്തപ്പെട്ടു. വഹ്‌യ് ഇറങ്ങാത്ത ചില പ്രശ്നങ്ങളിൽ പ്രവാചകൻ ഇജ്തിഹാദ് നടത്തി പരിഹാരം നിർദേശിക്കും. ഇതായിരുന്നു ഒന്നാമത്തേത്

അന്വേഷണങ്ങളോ സംഭവങ്ങളോ ഇല്ലാതെതന്നെ ശക്തവും ഭദ്രവുമായ മാതൃകാസമൂഹത്തിന്റെ സൃഷ്ടിക്ക് അനിവാര്യമായ നിയമങ്ങളും നിർദേശങ്ങളും നബിക്ക് വഹ്‌യ് ആയി ലഭിക്കുന്നതാണ് രണ്ടാമത്തെ രീതി. ശൂറാ സംവിധാനം, സകാത്തിന്റെ വിനിയോഗ തുറ, കുടുംബനിയമങ്ങൾ, ചില ശിക്ഷാനിയമങ്ങൾ തുടങ്ങിയവ ഈ ഗണത്തിൽ പെടുന്നു.

പൊതുജന താൽപര്യം സംരക്ഷിക്കുക, വിപത്തുകളും വിനകളും സമൂഹത്തിന്റെ ഭദ്രതക്ക് ഊനമണയ്ക്കുന്ന ഹേതുക്കളും ഇല്ലായ്മ ചെയ്യുക- ഇതാണ് ഇസ്‌ലാമിക നിയമനിർമാണത്തിന്റെ അന്തഃസത്ത.

## ഇജ്തിഹാദിന് പ്രോത്സാഹനം

നബിയുടെ കാലഘട്ടത്തിലെ നിയമനിർമാണത്തിന്റെ സ്രോതസ്സ് വഹ്‌യ് തന്നെയെങ്കിലും നബി പല വിഷയങ്ങളിലും ഇജ്തിഹാദ് നടത്തിയതായും അനുചരന്മാർക്ക് ഇജ്തിഹാദിന് അനുമതി നൽകിയതായും അവരുടെ നിഗമനങ്ങൾക്ക് അംഗീകാരം കൊടുത്തതായും കാണാം. ബദ്ർ യുദ്ധത്തിലെ തടവുകാരെ കൈകാര്യം ചെയ്യുന്ന നടപടിക്രമത്തെ കുറിച്ച് നബി ഇജ്തിഹാദ് നടത്തിയതും അബൂബക്റിന്റെയും ഉമറിന്റെയും അഭിപ്രായം ആരാഞ്ഞതും ഉദാഹരണം. ഇജ്തിഹാദിനെ പ്രോത്സാഹിപ്പിച്ചതിന് ഉദാഹരണമാണ് മുആദുബ്നു ജബലിനെ യമനിലേക്കയക്കുമ്പോൾ ഇരുവരും തമ്മിൽ നടന്ന സംഭാഷണം.

നവംനവങ്ങളായ പ്രശ്നങ്ങൾ ഉത്ഭവിക്കുകയും ഖുർആനിലും സുന്നത്തിലും ഖണ്ഡിതമായ നിയമങ്ങളും നിർദേശങ്ങളും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ഇജ്തിഹാദ് നടത്തി വിധികൾ കണ്ടെത്താൻ മുസ്‌ലിംസമൂഹത്തിനുള്ള അനുമതി കൂടിയാണിത്. അനുചരന്മാരുടെ ഇജ്തിഹാദിന് പ്രവാചകന്റെ അംഗീകാരത്തോടെ മാത്രമേ നിയമസാധുതയുണ്ടാവുകയുള്ളൂ. നിയമനിർമാണത്തിന്റെ മുഖ്യസ്രോതസ്സ് ഖുർആനും സുന്നത്തും ആയതുകൊണ്ട് അഭിപ്രായഭിന്നതയുടെ പ്രശ്നം അക്കാലത്ത് ഉത്ഭവിച്ചില്ല.

ഖുലഫാഉർറാശിദുകളുടെ ഭരണകാലത്ത് ഫിഖ്ഹ് വളരാനും വികസിക്കാനും തുടങ്ങി. പുതിയ പ്രശ്നങ്ങൾ ഉടലെടുത്തതോടെ അവക്കുള്ള പരിഹാരങ്ങൾ അന്വേഷിച്ചു കണ്ടെത്തേണ്ടിവന്നു. യുദ്ധവിജയങ്ങളെ തുടർന്ന് ഇസ്‌ലാമിക രാഷ്ട്ര സ്വരൂപത്തിലേക്ക് ചേർക്കപ്പെട്ട പ്രദേശങ്ങളിലെ പൗരന്മാരും മുസ്‌ലിംകളും തമ്മിൽ ഇടപഴകിയപ്പോൾ ഉളവായ പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കേണ്ടത് ഫുഖഹാക്കളുടെ ബാധ്യതയായിത്തീർന്നു. നബിയുടെ കാലത്ത് ഇല്ലാതിരുന്ന അഭിപ്രായാധിഷ്ഠിത ഗവേഷണത്തിന്റെ പുതിയ വാതിൽ തുറക്കപ്പെടുകയായിരുന്നു. സ്വാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഇജ്തിഹാദിൽ സ്വാഭാവികമായും ഭിന്ന വീക്ഷണങ്ങൾ ഉണ്ടായി. അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. അഭിപ്രായ ഐക്യം 'ഇജ്മാഅ്' (ഏകകണ്ഠമായ അഭിപ്രായം) ആയി ഗണിക്കപ്പെടുകയും അതും നിയമത്തിന്റെ സ്രോതസ്സായി അംഗീകാരം നേടുകയും ചെയ്തു.

ഒന്നാം ഖലീഫ അബൂബക്ർ (റ) സ്വാഭിപ്രായമനുസരിച്ച് ഇജ്തിഹാദ് നടത്തിയ ശേഷം പറയും: 'ഇതാണ് എന്റെ അഭിപ്രായം. ശരിയാണെങ്കിൽ അല്ലാഹുവിൽനിന്ന്. തെറ്റാണെങ്കിൽ എന്റെ വീഴ്ച. ഞാൻ അല്ലാഹുവിനോട് മാപ്പ് ചോദിക്കുന്നു.' ഇതേ നിലപാടുതന്നെയായിരുന്നു ഉമറി(റ)നും. ഗവേഷണം നടത്തി വിധി കണ്ടെത്താൻ മുഖ്യ ന്യായാധിപൻ ശുറൈഹിനും അബൂമൂസൽ അശ്അരിക്കും ഉമർ(റ)എഴുതിയ കത്തുകൾ, രാജ്യഭരണത്തിനും ന്യായവിധികൾക്കും ഇസ്‌ലാമിക നിയമസംഹിതയെ ആധാരമാക്കണമെന്നും കാലത്തോടൊപ്പം വളരാൻ പണ്ഡിതന്മാർക്കും കർമശാസ്ത്ര പടുക്കൾക്കും സാധിക്കണമെന്നും സൂചിപ്പിക്കുന്നു. നബിയുടെ അനുചരന്മാർ സ്വാഭിപ്രായമനുസരിച്ച് ഗവേഷണം നടത്തിയിരുന്നു എന്നത് തർക്കമറ്റ വസ്തുതയാണ്. തങ്ങളുടെ അഭിപ്രായങ്ങൾ മറ്റുള്ളവർ സ്വീകരിക്കണമെന്ന ശാഠ്യം അവർക്കുണ്ടായിരുന്നില്ല; ഖുർആനിലും സുന്നത്തിലും ഖണ്ഡിത നിയമങ്ങൾ നിർദേശിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ സ്വഹാബിമാർ ഒന്നടങ്കം ഗവേഷണത്തിന് മുതിർന്നിരുന്നു എന്ന് സാമാന്യമായി ധരിക്കരുത്. ഉമർ, അലി, അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) തുടങ്ങിയവരാണ്

സ്വഹാബിമാരിൽ കൂടുതൽ ഗവേഷണം നടത്തിയവർ. അബ്ദുല്ലാഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ് തുടങ്ങിയവർ ഈ രംഗത്ത് കരുതലോടെ നീങ്ങിയവരും വളരെ അനിവാര്യമായ ഘട്ടങ്ങളിൽ മാത്രം ഇജ്തിഹാദ് നടത്തി നിഗമനങ്ങളിൽ എത്തിച്ചേർന്നവരുമാണ്. ആ കാലത്ത് സജീവമായി നിലനിന്ന രണ്ട് ചിന്താ പ്രവണതകളെയാണ് ഇരുവിഭാഗവും പ്രതിനിധാനം ചെയ്തത്. ഒരുവിഭാഗം ഖുർആന്റെയും സുന്നത്തിന്റെയും ആശയപ്രത്യക്ഷങ്ങളെ ആധാരമാക്കി സ്വയം ശിക്ഷിത അച്ചടക്കത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്ന് പ്രശ്നങ്ങളെ സമീപിച്ചപ്പോൾ, മറുവിഭാഗം നിയമത്തിന്റെ പൊരുളും ചൈതന്യവും ഗ്രഹിച്ച് നൂതന പ്രശ്നങ്ങളെ തങ്ങളുടെ ഉത്തമബോധ്യത്തിന്റെയും പൊതുതാൽപര്യത്തിന്റെയും വെളിച്ചത്തിൽ വിലയിരുത്താനും വ്യാഖ്യാനിക്കാനുമാണ് മുതിർന്നത്.



ഹദീസുകളുടെ ആശയപ്രത്യക്ഷങ്ങളെ ആധാരമാക്കുകയും ഗവേഷണത്തിൽ വന്നുഭവിച്ചേക്കാവുന്ന പാളിച്ചകളും വീഴ്ചകളും ഒഴിവാക്കാൻ സൂക്ഷ്മത പുലർത്തുകയും ചെയ്ത ഫുഖഹാക്കൾക്കായിരുന്നു മദീനയിൽ മുൻതൂക്കം. ഇവർ അഹ്ലുൽ ഹദീസ് എന്ന പേരിൽ അറിയപ്പെട്ടു. ശർഈ നിയമങ്ങളുടെ അടിസ്ഥാന ലക്ഷ്യങ്ങളും പൊരുളുകളും മനസ്സിലാക്കി, നൂതന പ്രശ്നങ്ങളെ അവയുടെ വെളിച്ചത്തിൽ അപഗ്രഥിച്ച് ഇജ്തിഹാദ് നടത്തുന്ന പണ്ഡിതന്മാരായിരുന്നു ഇറാഖിലെ കൂഫയിൽ ഏറിയ പങ്കും.

### അഭിപ്രായഭിന്നതയുടെ ഹേതുക്കൾ

സ്വഹാബിമാരിലെ കർമശാസ്ത്ര വിദഗ്ധർ ഗവേഷണം നടത്തിയപ്പോൾ യോജിപ്പും വിയോജിപ്പും ഉണ്ടായത് സ്വാഭാവികം. അഭിപ്രായഭിന്നത ഗവേഷണത്തിൽ അനിവാര്യമായി വന്നു ചേരുന്നതാണ്. ജീവത്തായ ഫിഖ്ഹും സൂക്ഷ്മദൃക്കുകളായ ഫുഖഹാക്കളും ആ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. ധിഷണാപരവും സർഗപരവുമായ കഴിവുകളുടെ ഏറ്റക്കുറച്ചിൽ, തെളിവുകളെ വിലയിരുത്തുന്നതിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ വ്യത്യാസങ്ങൾ, സമീപനങ്ങളിലെയും കാഴ്ചപ്പാടുകളിലെയും വൈജാത്യങ്ങൾ എന്നീ കാരണങ്ങളാലെല്ലാം അഭിപ്രായ ഭേദം സ്വാഭാവികമായും ഉണ്ടാവും. ഈ വീക്ഷണ വൈവിധ്യവും അഭിപ്രായഭിന്നതകളുമെല്ലാം മുൻഗാമികൾ പിൻഗാമികൾക്ക് വിട്ടേച്ചുപോയ വിജ്ഞാനത്തിന്റെ അക്ഷയഖനിയാണ്. ഖുർആനും ഹദീസും ആധാരമാക്കി ഇജ്തിഹാദ് നടത്തിയ ആ കാലഘട്ടത്തിലെ സ്വഹാബിമാരായ ഫുഖഹാക്കളുടെ അഭിപ്രായഭിന്നതയുടെ കാരണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. ഒരു കൂട്ടർക്ക് അറിയുന്ന ഹദീസുകൾ മറുവിഭാഗത്തിന് അറിഞ്ഞുകൊള്ളണമെന്നില്ല. അക്കാലത്ത് ഹദീസുകൾ ക്രോഡീകരിക്കപ്പെട്ടാതിരുന്നത് ഇതിന് കാരണമായി. പ്രശ്നങ്ങൾ ഉത്ഭവിക്കുമ്പോൾ തദ്വിഷയകമായി സുന്നത്തിൽ വ്യക്തമായ ശാസനകളും ചട്ടങ്ങളും ബോധ്യമുള്ളവർ അതനുസരിച്ച് വിധി നൽകും. സുന്നത്തിനെ കുറിച്ച അറിവും ധാരണയും ഇല്ലാത്തവർ സ്വന്തമായി ഇജ്തിഹാദ് നടത്തി വിധി നൽകും.

2. ഹദീസിനെ കുറിച്ച തികഞ്ഞ ബോധ്യവും വിശ്വാസവും വരാത്തതിനാൽ അഭിപ്രായ ഭിന്നതയുണ്ടാവാം. വിശ്വാസയോഗ്യമായ വഴികളിലൂടെ വന്നെത്താത്ത ഹദീസിനെ തിരസ്കരിക്കുകയാണ് സൂക്ഷ്മതയെന്ന് സ്വഹാബിമാർ കരുതി. ഭർത്താവ് വിവാഹമോചനം ചെയ്തപ്പോൾ നബി തനിക്ക് ചെലവും താമസവും വിധിക്കുകയുണ്ടായില്ലെന്ന ഫാത്വിമ ബിൻത് ഖൈസിന്റെ ഹദീസ് ഉമർ സ്വീകരിച്ചിരുന്നില്ല.

3. ഖുർആനിലെയും സുന്നത്തിലെയും പദപ്രയോഗങ്ങൾ വ്യാഖ്യാനിച്ചപ്പോഴുണ്ടായ പാഠഭേദങ്ങൾ.


4. ഖണ്ഡിതവും സുനിശ്ചിതവുമായ നിയമങ്ങളില്ലാത്ത വിഷയങ്ങളിൽ ഗവേഷണം നടത്തുമ്പോൾ വന്നുചേരുന്ന സ്വാഭാവികമായ അഭിപ്രായ ഭിന്നതകൾ വ്യത്യസ്ത നിരീക്ഷണങ്ങളിൽ ഫുഖഹാക്കളെക്കൊണ്ടെത്തിച്ചു. എന്നിരുന്നാലും അഭിപ്രായ വ്യത്യാസത്തിന്റെ മേഖലകൾ തുലോം ചുരുക്കമായിരുന്നു. അബൂബക്റിന്റെയും ഉമറിന്റെയും(റ) കാലത്ത് ഇജ്തിഹാദ് ശൂറയുടെ നില കൈവരിച്ചതിനാൽ ഭിന്നതയുടെ സാധ്യതകൾ വിരളമായിരുന്നു.

ഖുലഫാഉർറാശിദുകളുടെ കാലം അവസാനിച്ചതുമുതൽ അമവിയ്യ ഭരണത്തിന്റെ പതനം വരെയുള്ള ഘട്ടങ്ങളിൽ ഫിഖ്ഹ് സ്വഹാബിമാർ വെട്ടിത്തെളിയിച്ച വഴിയിലൂടെത്തന്നെയാണ് സഞ്ചരിച്ചത്. താബിഉകൾ തങ്ങളുടെ മുൻഗാമികളായ സ്വഹാബിമാരിൽനിന്നാണ് നിയമ നിർധാരണ രീതികൾ വശമാക്കിയത് എന്ന കാരണത്താൽ പ്രകടമായ വ്യതിയാനങ്ങളൊന്നും ഈ ഘട്ടത്തിൽ ചൂണ്ടിക്കാണിക്കാൻ സാധ്യമല്ല. ഈ കാലയളവിൽ ഫിഖ്ഹിൽ ഉണ്ടായ വികാസപരിണാമങ്ങളെ മൂന്ന് തലക്കെട്ടുകളിൽ സംഗ്രഹിക്കാം. 1. കർമശാസ്ത്ര വ്യവഹാരമണ്ഡലത്തിന്റെ വികാസവും അഭിപ്രായഭിന്നതകളുടെ വർധനവും. 2. ഹദീസ് നിവേദനങ്ങൾ വ്യാപകമായപ്പോൾ അത് ഫിഖ്ഹിൽ ചെലുത്തിയ സ്വാധീനം. 3. അഹ്ലുൽ ഹദീസ്, അഹ്ലുർറഅ്യ് എന്ന രണ്ട് ചിന്താധാരകളുടെ രംഗപ്രവേശം.

### കർമശാസ്ത്രത്തിന്റെ വികാസം

ഇസ്ലാമിക രാഷ്ട്രം വികസിച്ചതോടെ പുതിയ സംസ്കാരങ്ങളുമായുള്ള ഇടപഴകൽ ശക്തമായി. കർമശാസ്ത്രത്തിന്റെ വിചാരമണ്ഡലം വികസിച്ചതിങ്ങനെയാണ്. സ്വഹാബിമാരിലും താബിഉകളിലും പെട്ട പണ്ഡിതർ വിവിധ നാടുകളിലും നഗരങ്ങളിലും അധിവാസമുറപ്പിച്ചതിനാൽ ജനങ്ങൾ പ്രശ്നപരിഹാരത്തിനായി അവരെ സമീപിച്ചു. വിജ്ഞാനത്തിലോ കാര്യഗ്രഹണ ശേഷിയിലോ ഈ പണ്ഡിതന്മാർ ഒരേ നിലവാരത്തിലുള്ളവരായിരുന്നില്ല. ഈ വ്യത്യാസം പ്രശ്നങ്ങളോടുള്ള അവ

**ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ നാലാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള കാലഘട്ടം ഫിഖ്ഹിന്റെ അഭൂതപൂർവമായ വളർച്ചക്കും വികാസത്തിനും സാക്ഷ്യം വഹിച്ചു. ഭുവന പ്രശസ്ത രായ ഫുഖഹാക്കൾക്കും മുജ്തഹിദുകൾക്കും ഈ കാലഘട്ടം പിറവി നൽകി. ഇന്നും സജീവമായി നിലനിൽക്കുന്ന ഫിഖ്ഹീ മദ്ഹബുകൾക്ക് അവർ അടിത്തറ പാകി. ഗവേഷണത്തിന്റെയും നിരീക്ഷണ ത്തിന്റെയും സൂക്ഷ്മാംശങ്ങളിലും വിശദാംശങ്ങളിലും വിസ്മയാവഹമായ നിപുണത പ്രദർശിപ്പിച്ച ആ പണ്ഡിത കേസരികളുടെ ബുദ്ധികൂർമതയുടെയും നിശിതമായ അപഗ്രഥനപാടവത്തിന്റെയും ഉത്ത മോദാഹരണമാണ് വീക്ഷണ വൈവിധ്യമുണ്ടെങ്കിലും ശരീഅത്തിന്റെ ചൈതന്യസാരാംശത്തിൽ ഏകീഭാവം പുലർത്തുന്ന ആ മദ്ഹബുകളോരോന്നും.**



രുടെ സമീപനങ്ങളിലും പ്രതിഫലിച്ചു. ആശയവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തത മൂലം വിവിധ രാജ്യങ്ങളിൽ വസിക്കുന്ന പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഐക്യം സാധിതമാവാത്തതും ഭിന്നതക്ക് കാരണമായി. പണ്ഡിതന്മാർ അധിവാസമുറപ്പിച്ച രാജ്യങ്ങളിലെ അനുഷ്ഠാനങ്ങളും ആചാരങ്ങളും ജീവിതരീതികളും സാമ്പത്തികവും സാമൂഹികവുമായ പരിതോവസ്ഥകളും ഒന്നിനൊന്ന് വ്യത്യസ്തമായിരുന്നു. പണ്ഡിതന്മാരുടെ ഗവേഷണ ഫലങ്ങളെ ഈ സാഹചര്യങ്ങൾ സ്വാധീനിക്കുമെന്ന് പറയേണ്ടതില്ല. മറ്റു നാടുകളിലെ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും വിധികളും തേടിപ്പോകേണ്ടത് ആവശ്യമായി അവർ കരുതിയതുമില്ല. മദീനാ നിവാസികൾ അബ്ദുല്ലാഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നു അബ്ബാസ്, മുജാഹിദുബ്നു ജുബൈർ, അതാഉബ്നു അബീറബാഹ്, താവൂസുബ്നു കൈസാൻ തുടങ്ങിയവരുടെ ഫത്വകളെയും മതവിധികളെയും കൂടുതൽ ആശ്രയിച്ചു. കൂഫക്കാരാവട്ടെ അബ്ദുല്ലാഹിബ്നു മസ്ഊദ്, അൽഖമത്തു നഖ്ഇ, അസ്‌വദുബ്നു യസീദ്, ഇബ്റാഹീമുന്നഖഈ എന്നിവരുടെ തീരുമാനങ്ങളെ പിൻപറ്റി. ബസ്വറക്കാർ അബൂ മൂസൽ അശ്അരി, അനസുബ്നു മാലിക്, മുഹമ്മദുബ്നു സീരീൻ എന്നിവരെയാണ് അവലംബമാക്കിയത്. സിറിയക്കാർ മുആദുബ്നു ജബൽ, ഉബാദത്തുബ്നു സ്വാമിത്ത്, അബൂഇദ്‌രീസുൽ ഖൂലാനി, ഉമറുബ്നു അബ്ദിൽ അസീസ് എന്നിവരിൽ വിശ്വാസമർപ്പിച്ചപ്പോൾ ഈജിപ്തുകാർ അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസിൽ തങ്ങളുടെ മുഫ്തിയെ കണ്ടെത്തി.

### ഹദീസ് നിവേദനങ്ങളുടെ വർധനവ്

ഹിജ്റ 41 മുതൽ ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ തുടക്കം വരെയുള്ള ഘട്ടത്തിൽ ധാരാളമായി ഹദീസുകൾ ഉദ്ധരിക്കപ്പെട്ടതായി കാണാം. നൂതന പ്രശ്നങ്ങൾ ഉടലെടുത്തപ്പോൾ വിധികളെ സംബന്ധിച്ച ഗവേഷണം ആവശ്യമായി വരികയും ഹദീസുകളെകുറിച്ച അന്വേഷണത്തിലേക്ക് അതെത്തുകയും ചെയ്തു. സുന്നത്തുകൾ ഗ്രഹിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്ന വിഷയത്തിൽ പണ്ഡിതന്മാർ തുല്യ നിലവാരത്തിലായിരുന്നില്ല. ചിലർക്ക് അറിയുന്ന സുന്നത്തുകൾ മറ്റു ചിലർക്ക് അറിയുമായിരുന്നില്ല. അവരുടെ ഗണത്തിൽതന്നെ ധാരാളം റിപ്പോർട്ട് ചെയ്തവരും വളരെ കുറച്ചു മാത്രം റിപ്പോർട്ട് ചെയ്തവരും ഉണ്ടായിരുന്നു. ഹദീസിൽനിന്ന് നേരിട്ട് നിയമ നിർധാരണം നടത്തുന്ന രീതിക്ക് ആക്കം കൂടി എന്നതാണ് ഹദീസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ ഒരു ഫലം. ഇസ്‌ലാമിനെതിരിൽ ഉപജാപത്തിന് അവസരം പാർത്തിരുന്നവർ കെട്ടിച്ചമച്ച വ്യാജ ഹദീസുകൾ വൻതോതിൽ പ്രചരിക്കാനും ഇത് വഴിവെച്ചു. ഇത് ഫുഖഹാക്കളുടെ ശ്രമങ്ങൾ ഏറെ ദുഷ്കരമാക്കി. ഹദീസിന്റെ നിവേദകപരമ്പരയെ കുറിച്ചും ഉള്ളടക്കത്തെപ്പറ്റിയും വിശദമായ പരിശോധന നടത്താൻ ഇത് അവരെ നിർബന്ധിതരാക്കി. വ്യാജ ഹദീസുകൾ പടക്കുന്നവരെ പുറത്തുകൊണ്ടുവരാനും അവരെ ജനമധ്യത്തിൽ തൊലിയുരിച്ചുകാണിക്കാനും ഒരുപറ്റം പണ്ഡിതന്മാർ നടത്തിയ ശ്രമം ഫലം കാണുകയും, അതൊരു പുതിയ വിജ്ഞാനശാഖയുടെ വാതിൽ തുറക്കുകയും ചെയ്തു. *ഇൽമുൽ ജർഹി വത്തഅ്ദീൽ* അഥവാ ഇൽമുർരിജാൽ എന്ന പേരിൽ ഒരു സ്വതന്ത്ര വിജ്ഞാനശാഖയായി അത് വികസിച്ചു.

ഹദീസുകളുടെ ആശയപ്രത്യക്ഷങ്ങളെ ആധാരമാക്കുകയും ഗവേഷണത്തിൽ വന്നുഭവിച്ചേക്കാവുന്ന പാളിച്ചകളും വീഴ്ചകളും ഒഴിവാക്കാൻ സൂക്ഷ്മത പുലർത്തുകയും ചെയ്ത ഫുഖഹാക്കൾക്കായിരുന്നു മദീനയിൽ മുൻതൂക്കം. ഇവർ അഹ്‌ലുൽ ഹദീസ് എന്ന പേരിൽ അറിയപ്പെട്ടു. ശർഈ നിയമങ്ങളുടെ അടിസ്ഥാന ലക്ഷ്യങ്ങളും പൊരുളുകളും മനസ്സിലാക്കി, നൂതന പ്രശ്നങ്ങളെ അവയുടെ വെളിച്ചത്തിൽ അപഗ്രഥിച്ച് ഇജ്തിഹാദ് നടത്തുന്ന പണ്ഡിതന്മാരായിരുന്നു ഇറാഖിലെ കൂഫയിൽ ഏറിയ പങ്കും. ഇവർ അഹ്‌ലുർറഅ്‌യ് എന്ന പേരിൽ വിശ്രുതരായി. സഈദുബ്നുൽ മുസയ്യബിനെ (മരണം ഹിജ്റ 94) പോലുള്ള പണ്ഡിത ശ്രേഷ്ഠർ മദീനയിലും ഇബ്റാഹീമുബ്നുയസീദുന്നഖഈയെ പോലുള്ള ഫുഖഹാക്കൾ കൂഫയിലും ഈ രണ്ട് ചിന്താസരണികളെ പ്രതിനിധാനം ചെയ്തു.

ഹിജ്റ രണ്ടാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ നാലാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള കാലഘട്ടം ഫിഖ്ഹിന്റെ അഭൂത

പൂർവമായ വളർച്ചക്കും വികാസത്തിനും സാക്ഷ്യം വഹിച്ചു. ഭുവന പ്രശസ്തരായ ഫുഖഹാക്കൾക്കും മുജ്തഹിദുകൾക്കും ഈ കാലഘട്ടം പിറവി നൽകി. ഇന്നും സജീവമായി നില നിൽക്കുന്ന ഫിഖ്ഹീ മദ്ഹബുകൾക്ക് അവർ അടിത്തറ പാകി. ഗവേഷണത്തിന്റെയും നിരീക്ഷണത്തിന്റെയും സൂക്ഷ്മാംശങ്ങ ളിലും വിശദാംശങ്ങളിലും വിസ്മയാവഹമായ നിപുണത പ്രദർശിപ്പിച്ച ആ പണ്ഡിത കേസരികളുടെ ബുദ്ധികൂർമതയു ടെയും നിശിതമായ അപഗ്രഥനപാടവത്തിന്റെയും ഉത്തമോദാഹ രണമാണ് വീക്ഷണ വൈവിധ്യമുണ്ടെങ്കിലും ശരീഅത്തിന്റെ ചൈതന്യസാരാംശത്തിൽ ഏകീഭാവം പുലർത്തുന്ന ആ മദ്ഹ ബുകളോരോന്നും. ഫിഖ്ഹ് ക്രോഡീകരിക്കപ്പെട്ടതും ഫിഖ്ഹിന്റെ അടിസ്ഥാനനിയമങ്ങൾ ആവിഷ്കരിച്ചതും ധാരാളം ഫിഖ്ഹ് ഗ്രന്ഥങ്ങൾ വിരചിതമായതും ഈ കാലയളവിലാണ്. നെല്ലും പതിരും വേർതിരിച്ചു ഹദീസുകൾ ക്രോഡീകരിക്കപ്പെ ട്ടതും ഈ കാലയളവിൽതന്നെ. അബ്ബാസീ കാലഘട്ടത്തിൽ സ്വഹാബിമാരുടെ അഭിപ്രായങ്ങളും ഫത്‌വകളും ഇടകലർന്ന വിധത്തിൽ സുന്നത്തിന്റെ ക്രോഡീകരണം തുടങ്ങി. കൂഫയിൽ സുഫ്‌യാനുസ്സൗരിയും ഈജിപ്തിൽ ലൈസുബ്നു സഅ്ദും മദീനയിൽ മാലികുബ്നു അനസും ഈവിധം സുന്നത്ത് ക്രോഡീകരിച്ചവരാണ്. ഇമാം മാലികിന്റെ മുവത്വയാണ് ഈ ഗണത്തിൽ കുറ്റമറ്റ രൂപത്തിൽ അവശേഷിച്ചിട്ടുള്ളത്. സുന്നത്തും സ്വഹാബിമാരുടെ ഫത്‌വകളും വിധികളും താബിഉ കളുടെ അഭിപ്രായങ്ങളുമെല്ലാം അതിൽ രേഖപ്പെടുത്തിയതായി കാണാം.

ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ ഹദീസിന്റെ വിശ്വാസ്യത ഉറപ്പു വരുത്തി പ്രാമാണികവും ദുർബലവുമായവയെ വേർതിരിച്ച് ഫിഖ്ഹി വിഷയക്രമത്തിൽ ക്രോഡീകരിക്കുന്ന രീതി പരീക്ഷി ക്കപ്പെട്ടു. ഹദീസ് ഗ്രന്ഥങ്ങളിൽ 'സ്വിഹാഹുസ്സിത്ത' എന്ന പേരിൽ ഖ്യാതി നേടിയ വിശ്രുത ഗ്രന്ഥങ്ങളുടെ രചന ആ കാല ഘട്ടത്തിലായിരുന്നു. ഇതേ കാലയളവിൽ കേളികേട്ട മദ്ഹബു കൾ ഉദയം ചെയ്യുകയും ഫിഖ്ഹിന്റെ നിദാനശാസ്ത്രം പ്രത്യേക വിജ്ഞാനശാഖയായി വികസിക്കുകയും ചെയ്തു. ഓരോ മദ്ഹ ബിനും നിരവധി അനുയായികളുണ്ടായി. ഓരോ മദ്ഹബിലും അനേകം ഗ്രന്ഥങ്ങൾ വിരചിതമായി. ഇത് ഫിഖ്ഹിന്റെയും ഹദീസ് ക്രോഡീകരണത്തിന്റെയും സുവർണ കാലഘട്ടമായിരു ന്നു. ഹിജ്റ നാലാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ഹിജ്റ 656 -ൽ ബഗ്ദാദിന്റെ പതനം വരെയുള്ള ഘട്ടം ഫിഖ്ഹിന്റെ സ്തംഭന ദശയായിരുന്നു. ഇജ്തിഹാദിന്റെ വാതിലുകൾ അടച്ചു പൂട്ടി തഖ്‌ലീദിന്റെ വെള്ളം കടക്കാത്ത അറകളിൽ സ്വയം ബന്ധി തരായി കഴിഞ്ഞ പണ്ഡിതന്മാരെയും അനുയായി വൃന്ദങ്ങളെയു മാണ് പിന്നീട് ചരിത്രം കണ്ടത്.

ഖുർആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ പഠ നവും ഗവേഷണവും നടത്തി ഇസ്‌ലാമിക കർമശാസ്ത്രശാ ഖയെ സമ്പന്നമാക്കിയ പ്രതിഭാധനരായ ഇമാമുമാർ ഇന്നും മുസ്‌ലിംലോകത്തിന്റെ വഴികാട്ടികളാകുന്നു. അബൂഹനീഫ(ഹി. 80-150), മാലികുബ്നു അനസ് (ഹി 93-179), മുഹമ്മദുബ്നു ഇദ്‌രീസുശ്ശാഫിഈ (ഹി. 150-204), അഹ്മദുബ്നു ഹമ്പൽ (ഹി. 164-241), സൈദുബ്നു അലി (ഹി. 80-122), ജഅ്ഫറുസ്സ്വാദിഖ് (ഹി. 80-148) എന്നിവരുടെ മദ്ഹബുകൾ കാലത്തെ അതിജീവിച്ച് ജനകോടികളുടെ ഹൃദയങ്ങളിൽ ജീവിച്ചിരിക്കുമ്പോൾ ഔസാ ഈ, സുഫ്‌യാനുസ്സൗരി, ലൈസുബ്നു സഅ്ദ്, ദാവൂദുള്ളാഹിരി, ഇബ്നു ജരീറുത്ത്വബരി എന്നിവർ രൂപംകൊടുത്ത മദ്ഹബുകൾ അവരുടെ വിയോഗാനന്തരം അൽപകാലം കൂടി നിലനിന്ന് തിരോധാനം ചെയ്തു. ■